**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1297** **14-03-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ഫയൽ തീർപ്പാക്കുന്നതിൽ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ഫയൽ തീർപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത ഓഫീസിൽ 15000ത്തോളം ഫയലുകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ ; | (ബി) | ഉണ്ട്. കോവിഡ് പശ്ചാത്തലത്തിൽ ഓഫീസ് പൂർണതോതിൽ പ്രവർത്തിക്കാതിരുന്ന സാഹചര്യത്തിലാണ് 14966 ഫയലുകൾ തീർപ്പാക്കാതെ അവശേഷിച്ച സാഹചര്യമുണ്ടായത്. 30.06.2021 വരെ നിലവിലുണ്ടായിരുന്ന 14966 ഫയലുകളിൽ കൃത്യമായ ഫയൽ അദാലത്തുകൾ നടത്തി വേണ്ട നടപടികൾ സ്വീകരിച്ച് 55% ഫയലുകൾ ഇതിനോടകം തീർപ്പാക്കിയിട്ടുണ്ട്. തുടർന്നും കൃത്യമായ ഇടവേളകളിൽ അദാലത്തുകൾ നടത്തി ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | ഫയൽ തീർപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്നവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഫയലുകൾ തീർപ്പാക്കുന്നതിൽ അനാവശ്യ കാലതാമസം വരുത്തുന്നവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ